## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 391** — **04.02.2014ൽ മറുപടിക്ക്**

## ഇ-ടെണ്ടർ ബഹിഷ്കരിച്ച കരാറുകാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ.എസ്. സലീഖ:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) ഇക്കഴിഞ്ഞ ക്രിസ്തുമസ്സിന് പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിനുള്ള വസ്തുക്കൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇ - ടെണ്ടർ മൊത്ത വിതരണ കരാറുകാർ കൂട്ടത്തോടെ ബഹിഷ്കരിക്കുകയുണ്ടായോ;<br><br>(ബി) ടെണ്ടർ ബഹിഷ്കരിച്ച കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ പിന്നീട് നടന്ന ടെണ്ടറിൽ ഇതേ വിതരണക്കാർ പങ്കെടുക്കാൻ ഇടയായത് എന്തു കൊണ്ട് എന്ന് വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും ഇക്കഴിഞ്ഞ ക്രിസ്തുമസ്സിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇ - ടെണ്ടർ മൊത്ത വിതരണക്കരാറുകാരിൽ ചിലർ പങ്കെടുക്കുകയുണ്ടായില്ല. 50-ഓളം പേർ പങ്കെടുക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ വിട്ടുനിന്ന കരാറുകാരെ പ്രതിനിധീകരിക്കുന്നുവെന്ന് അവകാശപ്പെടുന്ന സംഘടനകളുടെ ഭാരവാഹികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അവർ അതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരുടെ മറുപടിയിൽ അവർ ടെണ്ടർ ബഹിഷ്ക്കരിച്ചതല്ലെന്നും എന്നാൽ കൺസ്യൂമർഫെഡ് കുടിശ്ശിക കൊടുക്കാത്തതുമൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് ടെണ്ടറിൽ പങ്കെടുക്കാൻ കഴിയാതിരുന്നതെന്നും രേഖാമൂലം കോർപ്പറേഷനെ അറിയിക്കുകയുണ്ടായി. അവരുടെ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്ന കാര്യങ്ങൾ ഇത്തരത്തിലാണെങ്കിലും കരാറുകാരുടെ നടപടി നീതീകരിക്കാനാവില്ലെന്നും ഈ പ്രവണത അനാരോഗ്യകരമായ പ്രവർത്തനത്തിന് കാരണമാകുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പ്രവർത്തികൾ ആവർത്തിച്ചാൽ കർശനമായ നടപടി സ്വീകരിക്കുകയും അവരെ കരിമ്പട്ടികയിൽപ്പെടുത്തി ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കുമെന്ന് കാണിച്ച് താക്കീത് നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് പിന്നീട് നടന്ന ടെണ്ടറിൽ എല്ലാ വിതരണക്കാരും പങ്കെടുത്തു. |
| (ഡി) സപ്ലൈകോ നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിന് ഉദ്യോഗസ്ഥർ അന്യ സംസ്ഥാനങ്ങളിലേക്ക് പോയതിനു ശേഷം മൊത്തവിതര | (ഡി) 25 ലക്ഷത്തിന് മുകളിലുള്ള എല്ലാ വാങ്ങൽ നടപടികളും ഇ - ടെണ്ടർ മുഖേന വാങ്ങണമെന്ന സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈകോയിൽ വാങ്ങൽ നടത്തുന്നത്. വിതരണക്കാർ ഇ - ടെണ്ടറിൽ പങ്കെടുക്കാതിരുന്ന സാഹചര്യങ്ങൾ ആവർത്തിച്ചാൽ |

ണക്കാരുമായി കരാറിലേർപ്പെടാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

ബദൽ സംവിധാനം ഒരുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്ന സപ്ലൈകോ ഉദ്യോഗസ്ഥരെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് അയച്ചത്. എന്നാൽ തുടർന്ന് നടന്ന ടെണ്ടറുകളിൽ വിതരണക്കാരുടെ പങ്കാളിത്തം വർദ്ധിച്ചു.

(ഇ) ഇത് കോർപ്പറേഷന് എത്ര സാമ്പത്തിക നഷ്ടവും കാലതാമസവും ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് തടസ്സവും നേരിട്ടിട്ടില്ല.

(എഫ്) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കരാറുകാരുമായി ഒത്തുകളി നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Beena

**സെക്ഷൻ ഓഫീസർ**